പത്രക്കുറിപ്പ്

# യുവാവിനെ വീട്ടുവളപ്പിൽ പൂട്ടിയിട്ട കേസ്സിലെ പ്രതി പിടിയിൽ

# മൊബൈൽ ഫോൺ മോഷ്ടാവ് പിടിയിൽ

# യുവാവിനെ തട്ടിക്കൊണ്ട് പോയി മർദ്ദിച്ച കേസ്സിലെ പ്രതി അറസ്റ്റിൽ

തിരുവനന്തപുരം :- കെട്ടിട നിർമ്മാണ സാധനങ്ങൾ വാങ്ങിയ പണം കൊടുക്കാൻ താമസിച്ചതിന്റെ പേരിൽ യുവാവിനെ വീട്ടിൽ വിളിച്ചു വരുത്തി ദേഹോപദ്രവം എൽപ്പിക്കുകയും കോമ്പൌണ്ടിനുള്ളിൽ പൂട്ടിയിടുകയും ചെയ്ത പ്രതിയെ പോലീസ് അറസ്റ്റ് ചെയ്തതായി ഐ.ജി.പിയും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. ഉച്ചക്കട മേക്കിൻകര നെല്ലിപ്പറമ്പ് വീട്ടിൽ രാജേന്ദ്രൻ(62)-നെയാണ് വിഴിഞ്ഞം പോലീസ് അറസ്റ്റ് ചെയ്തത്.

തിങ്കളാഴ്ച ഉച്ചയ്ക്ക് 12 മണിയ്ക്കാണ് സംഭവങ്ങളുടെ തുടക്കം. തിരുമല സ്വദേശി ആസ്റ്റിൻ രാജിനെ പ്രതി തന്റെ വീട്ടിൽ വിളിച്ചു വരുത്തുകയും, യുവാവിനെ ദേഹോപദ്രവം ഏൽപ്പിക്കുകയും സ്കൂട്ടർ ബലം പ്രയോഗിച്ച് പിടിച്ചു വാങ്ങി ചങ്ങല കൊണ്ട് പൂട്ടുകയും, യുവാവിനെ പ്രതിയുടെ വീട്ടുവളപ്പിനുള്ളിൽ തടഞ്ഞു വച്ച് ഗേറ്റ് പൂട്ടിയിടുകയും ചെയ്തത്. തുടർന്ന് പ്രതി ഭീഷണിപ്പെടുത്തി ബ്ലാങ്ക് ചെക്കിൽ ഒപ്പിട്ട് വാങ്ങുകയും വാഹനം പ്രതിയുടെ പേരിൽ ആക്കാൻ പേപ്പറിൽ ഒപ്പിട്ട് കൊടുക്കാൻ നിർബന്ധിച്ച് ആറര മണിക്കൂറോളം അന്യായമായി തടങ്കലിൽ വയ്ക്കുകയായിരുന്നു. യുവാവ് പ്രതിയിൽ നിന്നും കെട്ടിട നിർമ്മാണ സാധനങ്ങൾ വാങ്ങിയ പണം കൊടുക്കാൻ വൈകിച്ചതാണ്



വിഴിഞ്ഞം പോലീസ് അറസ്റ്റ് ചെയ്ത രാജേന്ദ്രൻ

അതിക്രമത്തിന് കാരണം. ഒടുവിൽ യുവാവ് അറിയിച്ചതിനെ തുടർന്ന് വിഴിഞ്ഞം പോലീസ് സ്ഥലത്തെത്തി യുവാവിനെ മോചിപ്പിക്കുകയും പ്രതി കൈക്കലാക്കിയ സ്കൂട്ടറും മറ്റ് രേഖകളും വാങ്ങി നൽകുകയും ചെയ്തു. വിഴിഞ്ഞം എസ്.എച്ച്.ഒ പ്രജീഷ് ശശി, എസ്.ഐ-മാരായ സമ്പത്ത്, വിനോദ്, സി.പി.ഒ-മാരായ അജികുമാർ, കൃഷ്ണകുമാർ, ഷൈൻരാജ് എന്നിവർ അടങ്ങിയ പോലീസ് സംഘമാണ് പ്രതിയെ അറസ്റ്റ് ചെയ്തത്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.

## മൊബൈൽ ഫോൺ മോഷ്ടാവ് പിടിയിൽ

തിരുവനന്തപുരം :- പേട്ടയിൽ പണി കഴിപ്പിച്ചു കൊണ്ടിരിക്കുന്ന വീട്ടിൽ നിന്നും മൊബൈൽ ഫോണും പണവും മോഷ്ടിച്ചെടുത്ത പ്രതിയെ പോലീസ് പിടികൂടിയതായി ഐ.ജി.പിയും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. പേട്ട ആനയറ സ്വദേശി ഉണ്ട മനോജ് എന്ന് വിളിക്കുന്ന മനോജ് (41)-നെയാണ് പേട്ട പോലീസ് അറസ്റ്റ് ചെയ്തത്.

ഇന്നലെ രാവിലെ 8 മണിയ്ക്കാണ് മോഷണം നടന്നത്. പേട്ട സ്കൂളിന് സമീപം വിനോദ് എന്നയാൾ പുതുതായി പണികഴിപ്പിച്ചു കൊണ്ടിരിക്കുന്ന വീട്ടിന്റെ അടുക്കള ഭാഗത്ത് സൂക്ഷിച്ചിരുന്ന വിലപിടിപ്പുള്ള മൊബൈൽ ഫോണും 600/- രൂപയും പ്രതി മോഷ്ടിച്ചെടുത്ത് കടന്ന് കളയുകയായിരുന്നു. ശംഖുമുഖം എ.സി.പി പൃഥിരാജിന്റെ നേതൃത്വത്തിൽ പേട്ട എസ്.എച്ച്.ഒ ബിനുകുമർ, എസ്.ഐ രതീഷ്, സി.പി.ഒ-മാരായ ബിജുകുമാർ, രഞ്ജിത്ത്, അരുൺ എന്നിവരടങ്ങിയ പോലീസ് സംഘമാണ് പ്രതിയെ അറസ്റ്റ് ചെയ്തത്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.


പേട്ട പോലീസ് അറസ്റ്റ് ചെയ്ത മനോജ്

## യുവാവിനെ തട്ടിക്കൊണ്ട് പോയി മർദ്ദിച്ച കേസ്സിലെ പ്രതി അറസ്റ്റിൽ

തിരുവനന്തപുരം :- യുവാവിനെ തട്ടിക്കൊണ്ട് പോയി മർദ്ദിച്ച ഏഴംഗസംഘത്തിലെ ഒളിവിൽ കഴിഞ്ഞ പ്രതിയെ പോലീസ് പിടികൂടിയതായി ഐ.ജി.പിയും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. ചെട്ടിവിളാകം പാറയിൽ വീട്ടിൽ രാജേഷ് (42)-നെയാണ് പേരൂർക്കട പോലീസ്

അറസ്റ്റ് ചെയ്യത്. ഈ കേസ്സിലെ മറ്റ് ആറ് പ്രതികളെ പോലീസ് നേരത്തെ പിടികൂടിയിരുന്നു.

2020-ലാണ് ഏഴംഗസംഘം ചൂഴമ്പാല സ്വദേശി ഷിജുവിനെ ആട്ടോറിക്ഷയിൽ തട്ടിക്കൊണ്ട് പോയി മർദ്ദിച്ചത്. പ്രതികൾക്ക് ഗഞ്ചാവ് കച്ചവടം ഉണ്ടെന്ന് പോലീസിന് വിവരം നൽകിയതിലുള്ള വിരോധമാണ് ആക്രമണത്തിന് കാരണം. സംഭവത്തിന് ശേഷം ഒളിവിൽ പോയ ഈ കേസ്സിലെ മറ്റ് ആറ് പ്രതികളെ പോലീസ് നേരത്തെ പിടികൂടിയിരുന്നു. ഒളിവിൽ കഴിഞ്ഞിരുന്ന പ്രതി രാജേഷിനെ രാമപുരം അരങ്കമുകൾ ഭാഗത്തുള്ള ഒളിസങ്കേതത്തിൽ നിന്നാണ് പോലീസ് ഇന്നലെ പിടികൂടിയത്. പേരൂർക്കട എസ്.എച്ച്.ഒ അനൂപ് കൃഷ്ണന്റെ നേതൃത്വത്തിൽ എസ്.ഐ-മാരായ ജയകുമാർ, വിൽബർരാജ്, അനിൽ കുമാർ, എ.എസ്.ഐ രാംകുമാർ എന്നിവരടങ്ങിയ പോലീസ് സംഘമാണ് പ്രതിയെ അറസ്റ്റ് ചെയ്യത്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.


പേരൂർക്കട പോലീസ് അറസ്റ്റ് ചെയ്ത രാജേഷ്(42)

തിരുവനന്തപുരം സിറ്റി
27-07-2021

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

പബ്ലിക് റിലേഷൻസ് ഓഫീസർ
തിരുവനന്തപുരം സിറ്റി